"ഭരണഭാഷ- മാതൃഭാഷ"

**കേരള സർക്കാർ**

**<u>സംഗ്രഹം</u>**

ഉന്നത വിദ്യാഭ്യാസ വകുപ്പ് - സാങ്കേതികം- അക്കാദമികം- എഴുകോൺ സർക്കാർ പോളിടെക്‌നിക് കോളേജിലെ വിദ്യാർത്ഥി- ശ്രീ ജിഷ്ണു ദേവ്.എസ്സു ആറാം സെമസ്റ്റർ പരീക്ഷ എഴുതുവാൻ അനുമതി നൽകി ഉത്തരവ് പുറപ്പെടുവിക്കുന്നു.

---

**ഉന്നത വിദ്യാഭ്യാസ (എൽ )വകുപ്പ്**

സ.ഉ.(സാധാ) നം.436/2026/HEDN    തീയതി,തിരുവനന്തപുരം, 26-03-2026

---

പരാമർശം:-
1. ശ്രീ ജിഷ്ണു ദേവ് എസ് സമർപ്പിച്ച നിവേദനം.
   01.01.2026, 24.02.2026 തീയതികളിലെ ഏഴുകോൺ
2. സർക്കാർ പോളിടെക്‌നിക് കോളേജ് പ്രിൻസിപ്പാളിന്റെ GPCEZK-C1നമ്പർ കത്ത്.
2. 08.03.2026 തീയതിയിലെ സാങ്കേതിക വിദ്യാഭ്യാസ വകുപ്പ് ഡയറക്ടറുടെ DTETVM/180/2026-C2(ACA)

**<u>ഉത്തരവ്</u>**

എഴുകോൺ സർക്കാർ പോളിടെക്‌നിക് കോളേജിലെ ആറാം സെമസ്റ്റർ കംപ്യൂട്ടർ ഹാർഡ് വെയർ എഞ്ചിനീയറിങ് വിദ്യാർത്ഥിയായ ശ്രീ ജിഷ്ണു ദേവ്.എസ്സു ഇന്ത്യൻ ആർമിയിൽ സെലക്ഷൻ ലഭിച്ചതിനാൽ S6 സെമസ്റ്റർ പൂർത്തികരിക്കാൻ സാധിച്ചില്ല . ടി വിദ്യാർത്ഥി അഞ്ചാം സെമസ്റ്റർ വരെ ഡിപ്ലോമ പരീക്ഷ എഴുതുകയും എല്ലാ വിഷയങ്ങളിലും വിജയം കരസ്ഥമാക്കിയതായും S1 മുതൽ S5 വരെയുള്ള അക്കാദമിക് റിസൾട്ട് മെച്ചപ്പെട്ട രീതിയിൽ ആണെന്നും അതിനാൽ ഹാജർ കുറവാണെങ്കിലും ഇതൊരു സ്പെഷ്യൽ കേസ് ആയി മാനുഷിക പരിഗണന നല്കി നിർബന്ധമായും പൂർത്തിയാക്കേണ്ട അക്കാഡമിക് ആക്ടിവിറ്റീസ് പൂർത്തിയാക്കി S6-ലെ പരീക്ഷ എഴുതുന്നതിന് ശ്രീ ജിഷ്ണു ദേവ്.എസ്സു അനുമതി നൽകുന്നതിനായി സാങ്കേതിക വിദ്യാഭ്യാസ വകുപ്പ് ഡയറക്ടർ സർക്കാരിൽ പരാമർശം (3) പ്രകാരം ശിപാർശ സമർപ്പിച്ചിരുന്നു.

2. സാങ്കേതിക വിദ്യാഭ്യാസ വകുപ്പ് ഡയറക്ടറും കോളേജ് പ്രിൻസിപ്പാളും സമർപ്പിച്ച ശിപാർശയുടെ അടിസ്ഥാനത്തിൽ സർക്കാർ ഇക്കാര്യം വിശദമായി പരിശോധിച്ചു. അഗ്നിവീർ പ്രവേശന പ്രക്രിയയിലൂടെ ഇന്ത്യൻ ആർമിയുടെ ടെക്‌നിക്കൽ വിഭാഗത്തിൽ നിയമനം ലഭിച്ചതിനാലാണ് ശ്രീ.ജിഷ്ണു ദേവ്.എസ്സു S6 സെമസ്റ്റർ പൂർത്തിയാക്കുവാൻ സാധിക്കാതിരുന്നത് എന്നതിനാലും, ഒരു

പ്രത്യേക കേസായി പരിഗണിച്ചുകൊണ്ട്, ശ്രീ.ജിഷ്ണു ദേവ്.എസ്സ് ആറാം സെമസ്റ്റർ കംപ്യൂട്ടർ ഹാർഡ് വെയർ എഞ്ചിനീയറിങ് ഡിപ്ലോമ പരീക്ഷകളിൽ പങ്കെടുക്കുന്നതിനുള്ള അനുമതി നൽകി ഉത്തരവ് പുറപ്പെടുവിക്കുന്നു.

(ഗവർണറുടെ ഉത്തരവിൻ പ്രകാരം)
രാജേഷ് എം
ജോയിന്റ് സെക്രട്ടറി

സാങ്കേതിക വിദ്യാഭ്യാസ വകുപ്പ് ഡയറക്ടർ , തിരുവനന്തപുരം.
പ്രിൻസിപ്പൽ,എഴുകോൺ സർക്കാർ പോളിടെക്‌നിക് കോളേജ് (സാങ്കേതിക വിദ്യാഭ്യാസ വകുപ്പ് ഡയറക്ടർ മുഖേനെ ).
ശ്രീ ജിഷ്ണു ദേവ്.എസ് (സാങ്കേതിക വിദ്യാഭ്യാസ വകുപ്പ് ഡയറക്ടർ മുഖേനെ ).
പ്രിൻസിപ്പൽ അക്കൗണ്ടന്റ് ജനറൽ (ആഡിറ്റ്/എ&ഇ), കേരള, തിരുവനന്തപുരം.
വിവര പൊതുജനസമ്പർക്ക വകുപ്പ് (വെബ് & ന്യൂ മീഡിയ)
**www.highereducation.kerala.gov.in**
കരുതൽ ഫയൽ/ഓഫീസ് പകർപ്പ്.

Signed by
Geetha Lekshmi. G
Date: 26-03-2026 17:01:36

ഉത്തരവിൻ പ്രകാരം
സെക്ഷൻ ഓഫീസർ

പകർപ്പ് ബഹു.ഉന്നത വിദ്യാഭ്യാസ സാമൂഹ്യനീതി വകുപ്പു മന്ത്രിയുടെ പ്രൈവറ്റ് സെക്രട്ടറിയ്ക്ക്.